# സ്ത്രീ പുരുഷന്മാർ അനന്യരാണ്

ഡോ. റോസി തമ്പി



**സ്ത്രീയായതുകൊണ്ടായിരിക്കണം** സ്ത്രീയെക്കുറിച്ച് ചിന്തിക്കേണ്ടത് എന്റെ സ്വത്വനിർമിതിയുടെ ഭാഗമായി ഞാൻ കരുതുന്നത്. സ്ത്രീശാക്തീകരണം എന്നത് പുരുഷനിർമിത സമൂഹത്തിന്റെ വാക്കാണ്. ശക്തിയില്ലാത്ത ഒന്നിനെ ശക്തിപ്പെടുത്തുക എന്നാണ് ആ വാക്കിനർഥം. സ്ത്രീക്ക് ശക്തിയില്ലാത്തതുകൊണ്ട് അവളെ ശക്തിപ്പെടുത്തണം എന്ന ഒരു തെറ്റായ സങ്കൽപമാണിത്. പുരുഷന്റെ നീതിബോധങ്ങൾ വെച്ചുകൊണ്ട് നോക്കുമ്പോഴാണ് സ്ത്രീ ശക്തയല്ലാത്തത്. ദൈവം സൃഷ്ടിച്ച ഓരോ ജീവിക്കും അതിന്റെ ജീവസന്ധാരണത്തിനാവശ്യമായ ശക്തി നൽകപ്പെട്ടിട്ടുണ്ട്. ആൽമരത്തേക്കാൾ ചെറുതാണ് കുറുന്തോട്ടി എന്നതുകൊണ്ട് ആൽമരത്തിന് ശക്തി കൂടുതലും കുറുന്തോട്ടിക്ക് ശക്തികുറവും എന്ന് കണക്കാക്കാൻ കഴിയുമോ? അങ്ങനെ പറയുന്നുണ്ടെങ്കിൽ അത് പുരുഷ നീതിയാണ്, അത് തീർത്തും തെറ്റുമാണ്. അതിനാൽ ഞാൻ ഇന്നത്തെ അർഥത്തിൽ സ്ത്രീശാക്തീകരണം എന്ന സങ്കൽപത്തെ അത്ര ഉന്നതിയായി കാണുന്നില്ല. പകരം സ്ത്രീ അവളുടെ ആത്മ–ശരീരങ്ങളുടെ ശക്തിയെ അംഗീകരിക്കുകയും ആദരിക്കുകയും അതുമൂലം സ്വന്തം ജീവിതത്തിലും സമൂഹത്തിലും നന്മവരുത്തുകയുമാണ് ചെയ്യേണ്ടത്. ഞാൻ ഇങ്ങനെ പറയുന്നതിനർഥം സ്ത്രീ പുരുഷന്മാർ അനന്യരാണ് എന്ന യാഥാർഥ്യം കണ്ടുകൊണ്ടാണ്. പരസ്പരം ആശ്രയിച്ചും വിശ്വസിച്ചും പ്രണയിച്ചും കഴിയേണ്ടവർ. മറ്റൊരർഥത്തിൽ പറഞ്ഞാൽ പുരുഷനേക്കാൾ ദൈവസൃഷ്ടിയിൽ തന്നെ ഗർഭപാത്രം എന്ന അവയവം കൂടുതലുള്ളത് സ്ത്രീക്കാണ്. അതാകട്ടെ ജീവനെ നിലനിർത്തുന്നതും സംവഹിക്കുന്നതും പരിപാലിക്കുന്നതുമാണ്. ഇതുമൂലം സ്ത്രീ, ദൈവത്തിന്റെ സൃഷ്ടികർമത്തിൽ പ്രധാന പങ്കുവഹിക്കുന്നു.

ജീവനെ വളർത്തിയെടുക്കാനുള്ള ജാഗ്രതയും വിപദിധൈര്യവും സഹജാവബോധവുമാണ് സ്ത്രീയുടെ പ്രത്യേകഗുണങ്ങൾ. ഇത് ദൈവസഹജമായ ഒരു വെളിപാടാണ്. കുഞ്ഞു കരയുന്നത് വിശന്നിട്ടാണോ വയറുവേദനിച്ചിട്ടാണോ ഉറക്കം വന്നിട്ടാണോ എന്നൊക്കെ മറ്റാരും പഠിപ്പിക്കാതെ തന്നെ ഒരമ്മ അറിയുന്നു. ഇതാണ് സഹജാവബോധം. ഇതിന്റെ തന്നെ ഭാഗമാണ് അവൾക്ക് കാത്തിരിക്കാനും സ്നേഹിക്കാനും ആനന്ദിപ്പിക്കാനുമുള്ള കഴിവ്. പ്രസവവേദന ലോകത്തിലെ ഏറ്റവും വലിയ

വേദനയാണ് എന്നറിഞ്ഞിട്ടും ഒരു സ്ത്രീ ഗർഭം ധരിക്കാനും പ്രസവിക്കാനും ധൈര്യം കാണിക്കുന്നത് അതുകൊണ്ടാണ്. ഏതു വേദന നിറഞ്ഞ പ്രതിസന്ധിയെയും തരണം ചെയ്ത് ജീവനെ നിലനിർത്താനുള്ള പ്രേരണയാണത്. അവളുടെ ഈ ഗുണങ്ങളെ തന്നെയാണ് പുരുഷലോകം അവളെ അടിമയാക്കാൻ ഉപയോഗിക്കുന്നതും. സ്ത്രീശരീരം വിലക്കപ്പെട്ട, പാപഹേതുവായ ഒരു വസ്തുവായി സ്വന്തം പരിമിതികളെ മറച്ചു വെക്കാൻ വേണ്ടി പുരുഷൻ ചിത്രീകരിച്ചു. കാലങ്ങളായി നിരന്തരം അതു പഠിപ്പിച്ച് പഠിപ്പിച്ച് പിന്നെ സ്ത്രീകളും അത് ഏറ്റു പറയാൻ തുടങ്ങി. അതാണ് ഇന്നത്തെ സ്ത്രീയുടെ രണ്ടാംകിട പൗരത്വത്തിനു പ്രധാനകാരണം എന്നെനിക്കു തോന്നുന്നു. ഗർഭപാത്രമാണ് അവളുടെ ഏറ്റവും വലിയ ശക്തി. ഈ ശക്തിയെയാണ് അത് ഇല്ലാതെപോയ പുരുഷൻ സ്ത്രീയുടെ ഏറ്റവും വലിയ ശക്തിഹീനതയായി കണക്കാക്കുന്നത്. ഇന്ന് സ്ത്രീക്ക് നേരെ നിലനിൽക്കുന്ന എല്ലാ അനീതികൾക്കും അടിമത്തത്തിനും കാരണം അടിസ്ഥാനപരമായി പുരുഷന്റെ ഈ സമീപനമാണ്.

രാഷ്ട്രീയകക്ഷികളുടെ സ്ഥാനങ്ങളിൽ ഇന്ന് സ്ത്രീകളുടെ എണ്ണം കുറയാൻ കാരണം ഇതുതന്നെയാണ്. തങ്ങൾ പൊതുകാര്യങ്ങൾ ചെയ്യാനുള്ളവരല്ല വീടുമാത്രമാണ് തങ്ങളുടെ ഉത്തരവാദിത്വം എന്ന് സ്ത്രീകൾ സ്വയം കരുതാൻ തക്കവണ്ണം മതവും സമൂഹവും സ്ത്രീക്ക് നൽകുന്ന അധികബോധം കൂടിയാണ്. എന്നാൽ ഇന്ന് സ്ത്രീകൾ മനസ്സിലാക്കുന്നുണ്ട്, സ്വന്തം കുഞ്ഞുങ്ങൾ വിശന്നു കരയാതിരിക്കണമെങ്കിൽ, വികസനത്തിന്റെ ഇരകളായി മാറാരോഗികളായി തീരാതിരിക്കണമെങ്കിൽ വീടുപോലെ തന്നെ സമൂഹത്തിലും സ്ത്രീ ഇടപെടണമെന്ന്. നയപരമായ കാര്യങ്ങളിൽ ഇന്ന് സ്ത്രീകൾ കാര്യമായി ഇടപെടാൻ തുടങ്ങിയിട്ടുണ്ട്. കാരണം, അവർക്ക് പ്രധാനം ജീവനാണ്. സ്ത്രീ ഇടപെടുന്ന സംരംഭങ്ങൾക്ക് ഈ മുഖമാണുള്ളത്. അതിന്റെ കൊടിയടയാളം ജീവനെക്കുറിച്ചുള്ള ആകുലതയാണ്. ഭൂമിക്കുവേണ്ടിയും വെള്ളത്തിനുവേണ്ടിയും അന്നന്നത്തെ അപ്പത്തിനുവേണ്ടിയും അവർ സമരംചെയ്യുമ്പോൾ ചന്ദ്രനിൽ വെള്ളമുണ്ടോ എന്നതിനേക്കാൾ അവൾക്കാവശ്യം അടുത്ത വീട്ടിലെ കിണറ്റിൽ വെള്ളമുണ്ടോ എന്നറിയലാണ്. എന്തെന്നാൽ, എങ്കിലേ ദാഹിക്കുമ്പോൾ പോയി കോരിക്കുടിക്കാൻ കഴിയൂ എന്നവൾക്കറിയാം. അവൾ അമ്മയാണ്. തന്നിൽനിന്ന് തന്റെ കുഞ്ഞുങ്ങളെ തട്ടിപ്പറിക്കുന്ന എന്തിനെയും അവൾക്കെതിർക്കാതെ വയ്യ. വരാൻപോകുന്ന തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ 50 ശതമാനം സ്ത്രീ പ്രാതിനിധ്യം തീർച്ചയായും നമ്മുടെ സമൂഹത്തിൽ ഗുണപരമായ ചലനങ്ങൾ സൃഷ്ടിക്കും. അതാണ് സ്ത്രൈണഗുണം. അവൾ ഇടപെടുന്നേടത്തെല്ലാം അതിനെ ആഴപ്പെടുത്താനും സർഗാത്മകമാക്കാനും അവൾക്കറിയാം. സ്ത്രീ അവളുടെ സത്തയെ തിരിച്ചറിയുമ്പോൾ പുരുഷൻ ഊതി വീർപ്പിച്ച അവന്റെ അഹന്ത, സ്ത്രീയെ അടക്കി ഭരിക്കാനുള്ള അജ്ഞത താനേ കൊഴിഞ്ഞുപോകും.

ഇന്നത്തെ അവസ്ഥയിൽ സ്ത്രീയെ ശക്തിപ്പെടുത്തുക എന്നത് പുരുഷന്റെ ഉത്തരവാദിത്വമാണ്. കാരണം ഇക്കാലമത്രയും ചരിത്രത്തിന്റെ ആരംഭം മുതൽ അവൻ അവളെ അടിമയാക്കി വെക്കുകയായിരുന്നു. അവന്റെ ചരിത്രമേ നമുക്കുള്ളൂ. His Storyയാണ് History. അതിനാൽ അതൊരു ഔദാര്യമല്ല, തന്റെ കടമയാണ് എന്ന തിരിച്ചറിവോടെ വേണം ചെയ്യാൻ. സ്വന്തം അമ്മ, പെങ്ങൾ, ഭാര്യ, കാമുകി, സുഹൃത്ത് ഇവർക്കൊന്നും വ്യക്തിജീവിതത്തിൽ അനുവദിക്കാത്ത സ്വാതന്ത്ര്യം (ആത്മാഭിമാനം) മറ്റു സ്ത്രീകൾക്ക് അനുവദിച്ചുകൊടുക്കുന്നതിൽ ഉദാരരാണ് നമ്മുടെ പുരുഷന്മാർ. അതുകൊണ്ടാണ് ഫെമിനിസം, സ്ത്രീശാക്തീകരണം ഇവയൊക്കെ ഏട്ടിലെ

പശുക്കളാകുന്നത്. സ്ത്രീക്ക് തന്നെപോലെ തന്നെ ദൈവത്തിനു മുന്നിൽ ഉയർന്നുനിൽക്കുന്ന ഒരാത്മാവുണ്ട് എന്ന് അംഗീകരിക്കുമ്പോൾ മാത്രമേ സ്ത്രീ സംരക്ഷിക്കപ്പെടേണ്ട വസ്തുവാണ് എന്ന ധാരണ പുരുഷന് മാറികിട്ടൂ. അങ്ങനെ വരുമ്പോൾ സ്ത്രീ പൊട്ടുകുത്തുന്നതോ പർദ ധരിക്കുന്നതോ എല്ലാം അവളുടെ സൗകര്യവും സൗന്ദര്യസങ്കൽപവും അനുസരിച്ചാകും; അങ്ങനെയാകണം. ഇപ്പോൾ ഒരു സമുദായത്തിലെ കല്ല്യാണം കഴിഞ്ഞ സ്ത്രീ നെറുകയിൽ കുങ്കുമം ചാർത്തണമെന്നതും മറ്റൊരു സമുദായത്തിലെ സ്ത്രീകൾ ശരീരമാസകലം മൂടി നടക്കണമെന്നതും അനാവശ്യമാകും. ഇത് അണിയുന്ന സ്ത്രീകളെകൊണ്ടുതന്നെ നമ്മുടെ മാധ്യമങ്ങൾ പരസ്യമായി പറയിക്കും ഇത് ഞങ്ങൾക്ക് സുരക്ഷിതത്വത്തിന്റെ അടയാളമാണെന്ന്. അതിലപ്പുറം സ്വപ്നം കാണാൻ പുരുഷന്മാർ അവളെ അനുവദിക്കില്ല. മാത്രമല്ല ചരിത്രത്തിന്റെ ആരംഭം മുതൽ പുരുഷ നീതിബോധംകൊണ്ട് നിയന്ത്രിക്കപ്പെട്ടതുകൊണ്ട് സ്ത്രീയുടേത് എന്നുപറയാവുന്ന ഒരു ബോധമണ്ഡലംപോലും ഭൂരിഭാഗം സ്ത്രീകൾക്കും ഇന്നുണ്ട് എന്നു കരുതാൻ വയ്യ.

എന്റെ ചെറുപ്പത്തിൽപോലും പർദയണിഞ്ഞ മുസ്‌ലിംസുഹൃത്തുക്കളെ ഞാൻ കണ്ടിട്ടില്ല. പെട്ടെന്ന് പർദ മുസ്‌ലിംസ്ത്രീയുടെ രക്ഷാകവചം എന്ന രീതിയിൽ പരസ്യങ്ങളിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. ചാനലുകളിൽ കാണുന്ന ചർച്ചകളിലും ഇത് തങ്ങൾക്ക് കൂടുതൽ സുരക്ഷിതത്വം നൽകുന്നു എന്ന് പല മുസ്‌ലിംസുഹൃത്തുക്കളും പങ്കുവെക്കുന്നതും കേൾക്കാറുണ്ട്. നിഷേധിക്കുന്നില്ല, പക്ഷേ ഒരു കാര്യം ആർക്കും മനസ്സിലാകും; അതേ സമൂഹത്തിലെ തന്നെ പുരുഷന്മാർ സമൂഹത്തിലെ മറ്റുള്ളവരെപോലെ വസ്ത്രം ധരിക്കുന്നു. ഇനി മതത്തിന്റെ അടയാളത്തിനാണെങ്കിൽ തന്നെ വെള്ളമുണ്ടും വെള്ള ഷർട്ടുമാണ് ധരിക്കുന്നത്. എന്തുകൊണ്ട് അവർ അറബിനാടുകളിലേതുപോലെ നീളമുള്ള അംഗി ഇതുവരെയും ആക്കിയിട്ടില്ല. ഇനി അങ്ങനെ വന്നാൽ തന്നെ നമ്മുടേതുപോലുള്ള ഉഷ്ണമേഖലാ പ്രദേശത്ത് വെള്ളവസ്ത്രം ഏറെ ചൂടൊഴിവാക്കാൻ സഹായകമാണ്. സ്ത്രീകൾക്കാകട്ടെ, പൊതുവിൽ കാണുന്ന പർദയുടെ നിറം കറുപ്പാണ്. ചൂടിനെ മുഴുവൻ അത് ആഗിരണം ചെയ്ത് ശരീരത്തെ തപിപ്പിക്കും. മാത്രമല്ല, വെള്ള പൊതുവിൽ നന്മയുടെ/ദൈവത്തിന്റെ പ്രതീകവും കറുപ്പ് സാത്താന്റെയും തിന്മയുടെയും അടയാളമായും നിലനിൽക്കുന്നു എന്നത് കൂടി ഓർക്കുമ്പോൾ പുരുഷൻ ദൈവത്തോടൊപ്പവും സ്ത്രീ സാത്താനോടൊപ്പവും എന്ന ആദിപാപത്തിന്റെ മിത്തിനെ തന്നെ ഓർമിപ്പിക്കുകയാണ് (കറുപ്പിന് ഏഴഴക് എന്ന നാടൻപാട്ട് ഒരരുകിൽ ഒതുങ്ങിനിൽക്കുകയാണ്).

സ്ത്രീകൾക്കുവേണ്ടി പുരുഷന്മാർ, പുരുഷനീതിയാൽ നടത്തിക്കൊടുക്കുന്ന പരിപാടികളാണ് പലപ്പോഴും സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ. യഥാർഥത്തിൽ പുരുഷന്റെ ശക്തി എന്നത് ഹിംസയുമായി ബന്ധപ്പെട്ടതാണ്. ദുരയും ഹിംസയും അക്രമവുമാണ് ഇക്കാലമത്രയും പുരുഷശക്തി ജീവസമൂഹത്തിന് സമ്മാനിച്ചത്. സ്ത്രീയെ പുരുഷനെപോലെ ശക്തയാക്കുക എന്നതിനർഥം, സ്ത്രീയെക്കൂടി ഈ ഹിംസയിലേക്കും യുദ്ധത്തിലേക്കും മത്സരത്തിലേക്കും വലിച്ചിഴക്കുക എന്നാണ്. 3000 വർഷം കൊണ്ട് 5000 യുദ്ധങ്ങളുടെ ചരിത്രമാണ് ഈ പുരുഷശക്തിക്ക് പറയാനുള്ളത്. അതുകൊണ്ട് സ്ത്രീശാക്തീകരണം സാധ്യമാക്കേണ്ടത് സ്ത്രീയിലെയും പുരുഷനിലെയും സ്ത്രൈണസത്തയെ ഉണർത്തിയെടുത്തുകൊണ്ടാണ്. ദൈവത്തിന്റെ സൃഷ്ടികർമത്തിൽ നേരിട്ടു പങ്കാളിയാകുന്ന സ്ത്രീക്ക് ദൈവം നൽകുന്ന പ്രത്യേക ഗുണമാണ് സ്ത്രൈണത. അതിന്റെ സ്വഭാവം ജൈവികമാണ്. രണ്ടുതര

ത്തിലാണ് അത് പ്രവർത്തിക്കുക. ഒന്ന്, സഹജാവബോധം. രണ്ട്, വിപദിധൈര്യം. സഹജാവബോധം എന്നത് യുക്തിക്ക് മനസ്സിലാകാത്ത ഹൃദയത്തിന്റെ ഭാഷയാണ്. ഒരു ജീവനെ കാത്തു പരിപാലിക്കാനുള്ള ശക്തിയാണത്. കരുതലാണ് അതിന്റെ പ്രധാന ഘടകം. സ്നേഹം, ദയ, കാത്തിരിപ്പ്, ക്ഷമ, ആനന്ദം ഇവയൊക്കെ അതിന്റെ സഹചാരികളാണ്. തന്റെ ഉദരത്തിൽ രൂപംകൊള്ളുന്ന ഒരു ജീവനെ പരിപാലിച്ച് പുറത്തുകൊണ്ടുവന്ന് വളർത്തി സ്വന്തം കാലിൽ നടക്കാനും ഇരതേടാനും പ്രാപ്തരാക്കി പിന്നെ അവർ സ്വന്തം ഹിംസകൊണ്ട് സ്വയം തകർന്നുപോയാലും അവരെ വാരിപ്പുണരാനും ആശ്വസിപ്പിക്കാനും കഴിയുന്ന ഒരു മടിത്തട്ടാണത്. വിപദിധൈര്യമാകട്ടെ അവളുടെ നിയന്ത്രണത്തിലല്ലാതെ സംഭവിക്കുന്ന ദുരന്തങ്ങളെ നേരിടാനുള്ള കരുത്താണ്, ശക്തിയാണ്. പിയാത്തയിലെ യേശുവിന്റെ അമ്മയും, നൂറ്റൊന്നുമക്കളും നഷ്ടപ്പെട്ട മഹാഭാരതയുദ്ധത്തിലെ ഗാന്ധാരിക്കും അവരുടെ പാരമ്പര്യം തന്നെയാണ്. ഇപ്പോഴും കലാപങ്ങളും യുദ്ധങ്ങളും ഉണ്ടാക്കുന്ന ദുരന്തങ്ങളെ അതിന്റെ എല്ലാ ദുഃഖവും ഏറ്റുവാങ്ങുമ്പോഴും വീണ്ടും വീണ്ടും ജീവിതത്തെ പുനഃക്രമീകരിച്ചുകൊണ്ടിരിക്കുന്നത്. നമുക്കുചുറ്റും ഇപ്പോൾ ഉയർന്നുവരുന്ന സ്ത്രീകൾ നേതൃത്വം കൊടുക്കുന്ന സമരങ്ങൾ ഈ പുനഃക്രമീകരണങ്ങളാണ്. അതിനാൽ നമ്മൾ ചെയ്യുന്ന സ്ത്രീശാക്തീകരണം സ്ത്രീയെയും പുരുഷനെയും ഒരുപോലെ സ്ത്രൈണഗുണങ്ങൾ തിരിച്ചറിയാനും പരിപാലിക്കാനും അതിൽ ജീവിക്കാനും കഴിയുംവിധം ആയിരിക്കണം. അതിന് നമുക്കൊരു പുതിയ ആത്മീയബോധം കൈവരിക്കേണ്ടതുണ്ട്. സ്ത്രീയെയും പ്രകൃതിയെയും പുറന്തള്ളപ്പെട്ടവരെയും എല്ലാം ഉൾക്കൊള്ളുന്ന ഒരു സ്ത്രൈണ ആത്മീയത, അങ്ങനെയൊന്ന് രൂപപ്പെട്ടുവരാൻ നമ്മുടെ സ്ത്രീശാക്തീകരണങ്ങൾക്ക് സാധ്യമാകേണ്ടതുണ്ട്.

സ്ത്രീയും പുരുഷനും അനന്യരാണ്, പരസ്പരം പൂരിപ്പിക്കപ്പെടേണ്ടവർ. അങ്ങനെയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. പുരുഷന്മാർ സ്ത്രീക്കുമുകളിലോ താഴെയോ അല്ല. സ്ത്രീയെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം പുരുഷനെ ആരാണ് ചുമതലപ്പെടുത്തിയത്. സ്വയം രക്ഷിക്കാൻ കഴിയാത്ത ഒരാൾ എങ്ങനെ മറ്റൊരാളെ രക്ഷിക്കും. അതിനാൽ പരസ്പരം കരുതലാണ് ആവശ്യം. അങ്ങനെ എല്ലാവരും സ്വയം കരുതുംപോലെ പരസ്പരം കരുതുമ്പോൾ എല്ലാം സുന്ദരമായിരിക്കും. അങ്ങനെ ഒരു കാലമാണ് സ്വർഗം എന്നു കരുതുന്നത്. ഓരോ സ്ത്രീയും പുരുഷനും ജീവിതത്തിൽ അൽപകാലമെങ്കിലും ഈ സ്വർഗം അനുഭവിച്ചിട്ടുണ്ടാകും. പ്രണയകാലം എന്ന് നാമതിനെ വിളിക്കും. ആ കാലത്തെ ജീവിതത്തിലേക്ക് മുഴുവൻ വ്യാപിപ്പിക്കാൻ കഴിയുന്ന സ്ത്രീ പുരുഷന്മാർ ദൈവത്തിന്റെ പുത്രന്മാരും പുത്രികളും എന്നറിയപ്പെടും. അങ്ങനെയുള്ള മനുഷ്യരെക്കൊണ്ടു നിറയുമ്പോൾ ഭൂമി ദൈവരാജ്യമാകും. അല്ലാതെ പുരുഷന്മാർ സ്ത്രീക്കെതിരെയും, ഒരു മതം മറ്റുമതത്തിനെതിരെയും, ഒരു ജനത മറ്റു ജനതകൾക്കെതിരെയും തങ്ങൾ മാത്രമാണ് ശരി എന്നു പറയാൻ തുടങ്ങുമ്പോൾ ഭൂമി നരകമാകും. അതിനാൽ സ്ത്രീശാക്തീകരണം എന്നതിനുപകരം സ്ത്രീയെ തന്നെപോലെ തന്നെ അംഗീകരിക്കാൻ, സ്നേഹിക്കാൻ പുരുഷനെ ബോധവൽക്കരിക്കുകയാണ് വേണ്ടത്. ഈ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ അതിനു വഴിയൊരുക്കും എന്നാശിക്കട്ടെ. എനിക്ക് സ്വപ്നം കാണാം, ഏതു കൂരിരുട്ടിലും ഒരു മിന്നാമിനുങ്ങിന്റെ വെട്ടമെങ്കിലും എന്റെ പെൺകുട്ടികൾക്ക് സ്വയം കണ്ടെത്താൻ വഴികാട്ടുമെന്ന്. ■